പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 44 | 06.03.2012ൽ മറുപടിയ്ക്ക് |
|---|---|
| **സ്ത്രീകൾക്കായുള്ള ക്ഷേമപദ്ധതികൾ** | |
| **ചോദ്യം** | **ഉത്തരം** |
| **ശ്രീ. ബെന്നി ബെഹനാൻ<br>,, പി. എ. മാധവൻ<br>,, കെ. മുരളീധരൻ<br>,, എ.റ്റി. ജോർജ്ജ്** | **ഡോ. എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി)** |
| (എ) സ്ത്രീകളുടെ സംരക്ഷണത്തിനും ക്ഷേമത്തിനുമായി സാമൂഹ്യക്ഷേമവകുപ്പ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പുതിയ പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ; | (എ) സ്ത്രീകളുടെ സംരക്ഷണത്തിനും ക്ഷേമത്തിനുമായി നടപ്പാക്കാൻ ഉദ്ദേശിക്കുന്ന രണ്ടു പദ്ധതികളാണ് 'നിർഭയ'യും 'തന്റേടം ജെൻഡർ പാർക്കും'. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെ നടക്കുന്ന ലൈംഗികാതിക്രമങ്ങൾ തടയുന്നതിനും, അതിക്രമങ്ങൾക്ക് ഇരയാകുന്നവരെ സംരക്ഷിക്കുന്നതിനും പുനരധിവസിപ്പിക്കുന്നതുമാണ് 'നിർഭയ'യുടെ ലക്ഷ്യം. സ്ത്രീകളുടെ സർവ്വവിധ പുരോഗതി ലക്ഷ്യമിട്ട് കോഴിക്കോട് വെള്ളിമാടുകുന്നിൽ ആരംഭിക്കുന്ന പദ്ധതിയാണ് 'തന്റേടം ജെൻഡർ പാർക്ക് '.<br><br>സ്ത്രീകളുടെ സംരക്ഷണത്തിനും ക്ഷേമത്തിനുമായി വനിതാ വികസന കോർപ്പറേഷൻ നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.<br><br>എ) വനിതാ വിവര കേന്ദ്രങ്ങൾ<br><br>വിവിധ ആവശ്യങ്ങൾക്കായി തലസ്ഥാന നഗരത്തിലെത്തുന്ന വനിതകൾക്ക് ആവശ്യമായ പ്രാഥമിക |

| | |
|---|---|
| | വിവരം നൽകുക എന്നതാണ് വനിതാ വിവര കേന്ദ്രം വഴി നൽകാൻ (ഇൻഫർമേഷൻ സെന്റർ ) ഉദ്ദേശിക്കുന്നത്.<br><br>ബി)ഇ-ടോയ്‌ലറ്റ്<br><br>സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ തിരുവനന്തപുരം ജില്ലയിൽ 45 ഇ-ടോയ്‌ലറ്റ് നടപ്പിലാക്കുന്നതിനുള്ള വിശദമായ പ്രോജക്ട് പരിശോധിച്ചു വരുന്നു.<br><br>സി) വർക്കിംഗ് വിമൻസ് ഹോസ്റ്റൽ<br><br>നിലവിൽ വനിതാ വികസന കോർപ്പറേഷന് തിരുവനന്തപുരം,എറണാകുളം, കണ്ണൂർ,മലപ്പുറം വയനാട് എന്നീ ജില്ലകളിൽ 8 വർക്കിംഗ് വിമൻസ് ഹോസ്റ്റലുകളാണുള്ളത്. ബാക്കിയുള്ള ജില്ലകളിൽ കൂടി ഹോസ്റ്റൽ തുടങ്ങുന്നതിന് സർക്കാർ സഹകരണത്തോടെ 12-ാം പഞ്ചവൽസര പദ്ധതിയിലുൾപ്പെടുത്തി പദ്ധതി നടപ്പിലാക്കാനാണ് കോർപ്പറേഷൻ ലക്ഷ്യമിടുന്നത്.<br><br>ഡി) ബാങ്കുകളിലൂടെ വായ്പാ തിരിച്ചടവ്<br><br>സ്വയം തൊഴിൽ വായ്പയെടുത്ത ഗുണഭോക്താക്കൾ കോർപ്പറേഷന്റെ ഓഫീസുകളിൽ നേരിട്ടെത്തിയാണ് വായ്പാ തുക തിരിച്ചടയ്ക്കുന്നത്. കോർബാങ്കിംഗ് സംവിധാനമുള്ള ബാങ്കുമായി സഹകരിച്ച് ഗുണഭോക്താവിന് വായ്പാ തിരിച്ചടവ് തൊട്ടടുത്ത ബാങ്കിന്റെ ശാഖയിൽ നടത്തുന്നതിനുള്ള സംവിധാനം സംസ്ഥാനത്തുടനീളം ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.<br><br>ഇ) കംപ്യൂട്ടറൈസേഷൻ<br><br>സർക്കാരിന്റെ ഒരു വർഷത്തെ കർമ്മ പദ്ധതിയുടെ ഭാഗമായി കോർപ്പറേഷന്റെ മുഴുവൻ പ്രവർത്തനവും കംപ്യൂട്ടറൈസ് ചെയ്യാൻ ഉദ്ദേശിക്കുന്നു. |

| | |
|---|---|
| | എഫ്) ജെണ്ടർ ബഡ്ജറ്റിംഗ്<br><br>കേന്ദ്ര സർക്കാർ നിഷ്ക്കർഷിച്ച ജെണ്ടർ ബഡ്ജറ്റിംഗ് പരിശീലനം സംസ്ഥാനത്ത് പൂർണ്ണ അർത്ഥത്തിൽ നടപ്പിലാക്കുന്നതിനാവശ്യമായ ട്രെയിനിംഗ് എല്ലാ വകുപ്പുകളിലും നൽകാൻ കോർപ്പറേഷൻ നടപടി സ്വീകരിച്ചിട്ടുണ്ട്. കേന്ദ്ര വനിതാ ശിശുക്ഷേമ മന്ത്രാലയവുമായി സഹകരിച്ചാണ് ഇത് നടപ്പിലാക്കുന്നത്. |
| (ബി) ഉദ്യോഗസ്ഥകളായ സ്ത്രീകൾക്ക് സുരക്ഷിതമായി താമസിക്കുന്നതിന് സംസ്ഥാനത്തെ പ്രധാന പട്ടണങ്ങളിൽ വനിതാ ഹോസ്റ്റലുകൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; | (ബി) എല്ലാ ജില്ലകളിലും സംസ്ഥാന വനിതാ വികസന കോർപ്പറേഷന്റെ വർക്കിംഗ് വിമൻസ് ഹോസ്റ്റൽ തുടങ്ങുക എന്നത് വനിതാ വികസന കോർപ്പറേഷന്റെ പ്രധാന പദ്ധതികളിൽ ഒന്നാണ്. നിലവിൽ കേർപ്പറേഷന് തിരുവനന്തപുരം, എറണാകുളം, മലപ്പുറം ജില്ലകളിൽ രണ്ടെണ്ണം വീതവും, കണ്ണൂർ, മാനന്തവാടി എന്നിവിടങ്ങളിലായി ഓരോ ഹോസ്റ്റലുകളാണുള്ളത്. ഇതിൽ 4 എണ്ണം വാടക കെട്ടിടത്തിലും 4 എണ്ണം കേന്ദ്ര സർക്കാരിന്റെ ധനസഹായത്തോടെ നിർമ്മിച്ചവയും ആണ്. ബാക്കിയുള്ള ജില്ലകളിൽ കൂടി ഹോസ്റ്റൽ തുടങ്ങുന്നതിന് സർക്കാർ സഹകരണത്തോടെ 12-ാം പഞ്ചവൽസര പദ്ധതിയിലുൾപ്പെടുത്തി പദ്ധതി നടപ്പിലാക്കാനാണ് കോർപ്പറേഷൻ ലക്ഷ്യമിടുന്നത്. |
| (സി) തീവണ്ടികളിൽ യാത്ര ചെയ്യുന്ന സ്ത്രീകളുടെ സുരക്ഷയ്ക്കായി മറ്റു വകുപ്പുകളുമായി ചേർന്ന് സാമൂഹ്യ ക്ഷേമവകുപ്പ് പദ്ധതികൾ നടപ്പിലാക്കുമോ? | (സി) തീവണ്ടികളിലെ സ്ത്രീ യാത്രാക്കാരുടെ സുരക്ഷയ്ക്കായി 56 വനിതാ സിവിൽ പോലീസ് ഓഫീസർമാരെ റെയിൽവെ പോലീസിന്റെ കീഴിൽ വിന്യസിച്ചിട്ടുണ്ട്. ഈ ഉദ്യോഗസ്ഥരെ ട്രെയിനുകളിലെ വനിതാ കംപാർട്ടുമെന്റിൽ സുരക്ഷയ്ക്കായി നിയോഗിച്ച് അയയ്ക്കുന്നുണ്ട്. ഇതിനു പുറമെ അധികം പോലീസ് ഉദ്യോഗസ്ഥരെ ട്രെയിനുകളിൽ നിയമിച്ച് ഡ്യൂട്ടി ചെയ്യിക്കുന്നതിലേക്കായി അധികമായി 60 റെയിൽവേ പാസ്സ് അനുവദിച്ച് നൽകുവാൻ വേണ്ടി റെയിൽവേയോട് സംസ്ഥാന പോലീസ് മേധാവി ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ പാസഞ്ചർ ട്രെയിനുകളിൽ സർക്കിൾ |

| | |
|---|---|
| | അടിസ്ഥാനത്തിൽ വനിതാ പോലീസ് ഉദ്യോഗസ്ഥരെ ഡ്യൂട്ടിക്ക് നിയോഗിച്ചു വരുന്നുണ്ട്. സ്റ്റേഷനുകളിൽ ട്രെയിനുകൾ നിർത്തുംപോൾ പ്ലാറ്റ്ഫോമിലും ട്രെയിനിലും ഡ്യൂട്ടിയിലുള്ള മറ്റു പോലീസുകാരും വനിതാ കംപാർട്ടുമെന്റിനു സമീപം വന്ന് പരിശോധന നടത്തുകയും ചെയ്യുന്നു. കൂടാതെ മറ്റു കംപാർട്ടുമെന്റുകളിൽ യാത്ര ചെയ്യുന്ന സ്ത്രീകളുടെ സുരക്ഷയ്ക്കായി ജാഗ്രതയോടെ പ്രവർത്തിക്കാനായി ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിനു പുറമെ വനിതാ ഹെൽപ്പ് ലൈൻ നംപർ പ്ലാറ്റ്ഫോമിലും ട്രെയിനുകളിലും പ്രദർശിപ്പിക്കുന്നത് ഉൾപ്പടെ അത്യാവശ്യ ഘട്ടങ്ങളിൽ സുരക്ഷയ്ക്കായി പോലീസ് സഹായം ആവശ്യപ്പെടാനുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടത്തിവരികയാണ്. കൂടാതെ റെയിൽവേ സ്റ്റേഷന് പുറമെയുള്ള പരിസരങ്ങളിൽ പട്രോളിംഗ് നടത്തിയും പോലീസ് എയ്ഡ് പോസ്റ്റുകൾ വഴിയും സ്ത്രീ യാത്രാക്കാരുടെ സുരക്ഷ ഉറപ്പു വരുത്താനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>കൂടാതെ തീവണ്ടികളിൽ യാത്ര ചെയ്യുന്നവരുടെ പ്രത്യേകിച്ച് സ്ത്രീകളുടെ സുരക്ഷ ശക്തിപ്പെടുത്തണമെന്നും അതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നും ബഹു. മുഖ്യമന്ത്രി കേന്ദ്ര സർക്കാരിനു നൽകിയ മെമ്മോറാണ്ടത്തിൽ ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ, തീവണ്ടികളിൽ യാത്ര ചെയ്യുന്ന സ്ത്രീകളുടെ സുരക്ഷ ഉറപ്പാക്കുന്നതിന് വേണ്ട നടപടികൾ അടിയന്തിരമായി സ്വീകരിക്കുവാൻ റെയിൽവേ മന്ത്രാലയത്തോട് അഭ്യർത്ഥിച്ചിട്ടുമുണ്ട്. |

സെക്ഷൻ ഓഫീസർ